ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:24.12.2025**

## പ്രധാനവാർത്തകൾ

1. **AST** സ്പേസ് മൊബൈലിന്റെ ബ്ലൂബേർഡ് ബ്ലോക്ക് 2 ഉപഗ്രഹത്തെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച് **ISRO;**ചരിത്ര നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞരെയും എഞ്ചിനീയർമാരെയും പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സംസ്ഥാനത്ത് ആലപ്പുഴ, കോട്ടയം ജില്ലകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു.

3. **SIR** കരടു വോട്ടർ പട്ടികയിൻമേലുള്ള പരാതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി; പരാതികൾ 22 വരെ സമർപ്പിക്കാം.

4. തിരുവനന്തപുരത്തിന് പിന്നാലെ കോട്ടയം മെഡിക്കൽ കോളേജിൽ കൂടി സ്കിൻ ബാങ്ക് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ആരോഗ്യ മന്ത്രി വീണ ജോർജ്.

5. ഡിജിറ്റൽ നീതിയിലൂടെ കാര്യക്ഷമവും വേഗത്തിലുള്ള നിർവ്വഹണം എന്ന പ്രമേയവുമായി ഇന്ന് ദേശീയ ഉപഭോക്തൃ ദിനം.

RNU TVPM

6. ഇന്ത്യ-ശ്രീലങ്ക വനിതാ ടി-20 പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങൾക്കായി ലോക കപ്പ് ജേതാക്കളായ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ഇന്ന് കേരളത്തിലെത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## ഐ.എസ്.ആർ.ഒ

എഎസ്ടി സ്പേസ് മൊബൈലിന്റെ ബ്ലൂബേർഡ് ബ്ലോക്ക് 2 ഉപഗ്രഹത്തെ വിജയകരമായി ഭ്രമണപഥത്തിലെത്തിച്ച് ISRO. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് രാവിലെ 8.55നാണ് വിക്ഷേപണം നടന്നത്. എൽവിഎം 3യുടെ മൂന്നാം വാണിജ്യ വിക്ഷേപണ ദൗത്യമാണിത്. അമേരിക്കൻ കമ്പനി AST സ്പേസ് മൊബൈലിന്റെ ബ്ലൂബേർഡ് ബ്ലോക്ക് 2 ഉപഗ്രഹത്തെയാണ് ബാഹുബലി എന്നറിയപ്പെടുന്ന ഇന്ത്യയുടെ ഏറ്റവും കരുത്തുള്ള റോക്കറ്റ് ഈ ദൗത്യത്തിലൂടെ ബഹിരാകാശത്തെത്തിച്ചത്. 6,100 കിലോ ഗ്രാമാണ് ഉപഗ്രഹത്തിന്റെ ഭാരം. ഉപഗ്രഹാധിഷ്ഠിത ഇന്റർനെറ്റ് സേവനങ്ങൾ നൽകുന്ന കമ്പനിയാണ് എ.എസ്.ടി സ്പേസ് മൊബൈൽ.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഐ.എസ്.ആർ.ഒ ചെയർമാൻ(ഇൻട്രോ)

ഐ.എസ്.ആർ.ഒ യുടെ നിർണായക വിജയത്തിൽ സന്തോഷം പ്രകടിപ്പിച്ച് ചെയർമാൻ വി.നാരായണൻ. രാജ്യത്തിന്റെ ലോഞ്ചറുകൾ ഉപയോഗിച്ച് ഉയർത്തിയതിൽ വച്ച് ഏറ്റവും ഭാരമേറിയ ഉപഗ്രഹമാണിതെന്ന് പറഞ്ഞ അദ്ദേഹം എൽ.വി.എം 3 എം.6 ന്റെ തുടർച്ചയായ ഒമ്പതാമത്തെ വിജയകരമായ ദൗത്യമാണിതെന്നും അഭിപ്രായപ്പെട്ടു.

(വോയിസ്)

## പ്രധാനമന്ത്രി -ഐ.എസ്.ആർ.ഒ

ഇന്ത്യൻ മണ്ണിൽ നിന്ന് വിക്ഷേപിച്ച ഏറ്റവും ഭാരമേറിയ ഉപഗ്രഹമായ ബ്ലൂബേർഡ് ബ്ലോക്ക്-2 നെ മുൻ നിശ്ചയപ്രകാരമുള്ള ഭ്രമണപഥത്തിൽ എത്തിച്ച LVM3-M6 വിക്ഷേപണം ഇന്ത്യയുടെ ബഹിരാകാശ യാത്രയിലെ അഭിമാനകരമായ നാഴികക്കല്ലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വിക്ഷേപണ വിജയത്തിൽ ISRO യെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ബഹിരാകാശ രംഗത്ത് രാജ്യം കൂടുതൽ ഉയരങ്ങൾ കീഴടക്കുന്നതിന്റെയും ആത്മനിർഭർ ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള മുന്നേറ്റത്തിന്റെയും പ്രതിഫലനമാണ് ഈ നേട്ടമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ചരിത്ര നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച രാജ്യത്തെ കഠിനാധ്വാനികളായ ബഹിരാകാശ ശാസ്ത്രജ്ഞരെയും എഞ്ചിനീയർമാരെയും അദ്ദേഹം പ്രശംസിച്ചു. ഐ.എസ്.ആർ.ഒ യുടെ ശ്രദ്ധേയമായ വിജയത്തിൽ കേന്ദ്രമന്ത്രി ജിതേന്ദ്രസിങ്ങ് അഭിനന്ദനങ്ങൾ അറിയിച്ചു.

RNU TVPM

## അമിത് ഷാ

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ഹരിയാന സന്ദർശിക്കും. സഹകരണ മേഖലയുമായി ബന്ധപ്പെട്ട സമ്മേളനം, ഹരിയാന പോലീസ് പാസിംഗ് ഔട്ട് പരേഡ്, മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ പ്രതിമ അനാച്ഛാദനം ഉൾപ്പെടെ വിവിധ പരിപാടികളിൽ ശ്രീ അമിത് ഷാ പങ്കെടുക്കും. പഞ്ച്കുലയിലെ ഇന്ദ്രധനുഷ് ഓഡിറ്റോറിയത്തിൽ നടക്കുന്ന വീർ ബാൽ ദിവസ് പരിപാടിയിലും കേന്ദ്ര ആഭ്യന്തരമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## സ്കിൻ ബാങ്ക്

കോട്ടയം മെഡിക്കൽ കോളേജിൽ കൂടി സ്കിൻ ബാങ്ക് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ആരോഗ്യ മന്ത്രി വീണ ജോർജ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ച സംസ്ഥാനത്തെ ആദ്യ സ്കിൻ ബാങ്കിൽ സ്കിൻ പ്രോസസിംഗ് ഇന്നലെ ആരംഭിച്ചിരുന്നു. 6.75 കോടി ചെലവഴിച്ചാണ് ബേൺസ് യൂണിറ്റിനോടൊപ്പം സ്കിൻ ബാങ്ക് സജ്ജമാക്കിയത്. കഴിഞ്ഞ ദിവസം മസ്തിഷ്ക മരണമടഞ്ഞ ഷിബുവിന്റെ ചർമ്മം കുടുംബം സ്കിൻ ബാങ്കിന് ദാനം ചെയ്തിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

## പക്ഷിപ്പനി- ജാഗ്രതാ നിർദ്ദേശം

സംസ്ഥാനത്ത് ആലപ്പുഴ, കോട്ടയം ജില്ലകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. നന്നായി വേവിച്ച കോഴിയിറച്ചി മാത്രമേ കഴിക്കാവൂ എന്നും പച്ചമാംസം കൈകാര്യം ചെയ്യുന്നവർ മാസ്ക് ധരിക്കണമെന്നും ആരോഗ്യവകുപ്പ് നിർദേശിച്ചു. താറാവുകളിലും കോഴികളിലുമാണ് അണുബാധ കണ്ടെത്തിയിരിക്കുന്നത്. പക്ഷികളെ കൊല്ലുന്നത് ഉൾപ്പെടെയുള്ള നിരീക്ഷണവും നിയന്ത്രണ നടപടികളും ജില്ലാ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ശക്തമാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## വസന്തോത്സവം

പുഷ്പങ്ങളുടെയും ദീപാലങ്കാരങ്ങളുടെയും വർണ്ണക്കാഴ്ചയൊരുക്കി പുതുവർഷത്തെ വരവേൽക്കാൻ കനകക്കുന്ന് ഒരുങ്ങി.

വിനോദസഞ്ചാര വകുപ്പ് കനകക്കുന്നിൽ സംഘടിപ്പിക്കുന്ന **'വസന്തോത്സവം'** പുഷ്പമേളയുടെയും ന്യൂ ഇയർ ലൈറ്റ് ഷോയുടേയും ഉദ്ഘാടനം ഇന്ന് വൈകിട്ട് ആറിന് ടൂറിസം പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവ്വഹിക്കും. ചടങ്ങിൽ പൊതുവിദ്യാഭ്യാസ തൊഴിൽ മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## കൊച്ചി -ഫ്ലവർ ഷോ

ജില്ലാ അഗ്രി-ഹോർട്ടികൾച്ചർ സൊസൈറ്റി സംഘടിപ്പിക്കുന്ന 42-ാമത് കൊച്ചിൻ ഫ്ലവർ ഷോ ഇന്ന് മുതൽ അടുത്ത മാസം 4 വരെ എറണാകുളം മറൈൻ ഡ്രൈവിൽ നടക്കും. ജില്ലാ കളക്ടർ ജി പ്രിയങ്ക പ്രസിഡന്റ് ആയിട്ടുള്ള കൊച്ചിൻ ഫ്ലവർ ഷോ, ദക്ഷിണ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പുഷ്പമേളയാണ്. 50,000 ചതുരശ്ര അടി വിസ്തീർണത്തിലാണ് പ്രദർശനം ഒരുക്കുന്നത്. സന്ദർശകരുടെ ഉദ്യാന സംബന്ധിയായ സംശയനിവാരണത്തിനായി സംസ്ഥാന കൃഷി വകുപ്പിന്റെ **'അഗ്രി ക്ലിനിക്'** പ്രദർശന നഗരിയിൽ ഉണ്ടാകും.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## ദേശീയ ഉപഭോക്തൃ ദിനം

ഡിജിറ്റൽ നീതിയിലൂടെ കാര്യക്ഷമവും വേഗത്തിലുള്ള നിർവ്വഹണം എന്ന പ്രമേയവുമായി ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ഉപഭോക്തൃ അവകാശങ്ങളുടെ പ്രാധാന്യവും ഉപഭോക്തൃ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുവാനും എല്ലാ വർഷവും ഉപഭോക്തൃ ദിനം ആചരിക്കുന്നു. ഉപഭോക്താക്കൾക്കായി സമഗ്രമായ അവകാശങ്ങൾ സ്ഥാപിച്ചുകൊണ്ട് 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് ഈ ദിവസമാണിത്. സംരക്ഷിക്കപ്പെടാനുള്ള അവകാശം, അറിയിക്കാനുള്ള അവകാശം, ഉറപ്പുനൽകാനുള്ള അവകാശം, കേൾക്കാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ അവബോധത്തിനുള്ള അവകാശം എന്നിവ നിയമത്തിൽ ഉൾപ്പെടുന്നു. ഡിജിറ്റൽ നീതിയിലൂടെ കാര്യക്ഷമവും വേഗത്തിലുള്ള നിർവ്വഹണം എന്നതാണ് ഈ വർഷത്തെ പ്രമേയം.

RNU TVPM

## എസ്.ഐ.ആർ

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരടു വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

## ശബരിമല

മണ്ഡല പൂജയോടനുബന്ധിച്ച് ശബരിമല ദർശനത്തിന് വെർച്വൽ ക്യൂ, സ്പോട്ട് ബുക്കിംഗ് എന്നിവയിൽ നിയന്ത്രണം. തങ്ക അങ്കി ഘോഷയാത്ര സന്നിധാനത്ത് എത്തുന്ന ഈമാസം 26 ന് 30,000 പേരെയും മണ്ഡലപൂജ നടക്കുന്ന ശനിയാഴ്ച 35,000 പേരെയും വെർച്വൽ ക്യൂ വഴി അനുവദിക്കും. സ്പോട്ട് ബുക്കിംഗ് 2,000 ആയി നിജപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## പത്തനംതിട്ട (ഇൻട്രോ)

അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്തുന്നതിനുള്ള തങ്കയങ്കിയും വഹിച്ചുകൊണ്ടുള്ള രഥ ഘോഷയാത്ര രണ്ടാം ദിവസമായ ഇന്ന് രാവിലെ എട്ടോടെ സന്നിധാനത്തേയ്ക്ക് യാത്ര തുടരുന്നു. തങ്കയങ്കി ഘോഷയാത്ര പത്തനംതിട്ട ടൗൺ പിന്നിട്ട് കരിമ്പനയ്ക്കൽ ദേവീക്ഷേത്രം ലക്ഷ്യമാക്കി നീങ്ങുന്നു.

വിശദാംശങ്ങളുമായി പത്തനംതിട്ടയിൽ നിന്നും ആകാശവാണി പ്രതിനിധി **ശ്രീജി എസ്.ശ്രീധർ......**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## കണ്ണൂർ - ക്രിസ്തുമസ് (ഇൻട്രോ)

ക്രിസ്മസ് ആഘോഷങ്ങൾക്ക് കണ്ണൂർ ജില്ലയിൽ ഒരുക്കങ്ങൾ തകൃതിയിൽ പുരോഗമിക്കുന്നു. ഇന്ന് രാത്രി ദേവാലയങ്ങളിൽ പാതിരാ കുർബാന നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ ഒ ശശിധരൻ....**

RNU TVPM

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ ക്രിക്കറ്റ് ടീം

ലോക കപ്പ് ജേതാക്കളായ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ഇന്ന് കേരളത്തിലെത്തും. ഇന്ത്യ-ശ്രീലങ്ക വനിതാ ടി-20 പരമ്പരയിലെ അവസാന മൂന്ന് മത്സരങ്ങൾക്കായിയാണ് ഇരുടീമുകളും ഇന്ന് തിരുവനന്തപുരത്ത് എത്തുന്നത്. ഈ മാസം 26, 28, 30 തീയതികളിലായി കാര്യവട്ടം സ്പോർട്സ് ഹബ് ഗ്രീഫീൽഡ് സ്റ്റേഡിയത്തിൽ വച്ചാകും മത്സരങ്ങൾ നടക്കുക. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ മൂന്നു മത്സരങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിക്കുന്നത്.

RNUTVPM